(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(എഫ്) കൂടുതൽ ആദായകരമായ പദ്ധതികൾ ഇൻഷ്വറൻസ് വകുപ്പ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ജി) പ്രസ്തുത വകുപ്പിൽനിന്നും സമർപ്പിച്ചിരുന്ന പദ്ധതികൾ ഏതെങ്കിലും നിരസിക്കുകയോ മറ്റ് ഇൻഷ്വറൻസ് കമ്പനികളെ ചുമതലപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(എച്ച്) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നവീന പദ്ധതികൾ നടപ്പിലാക്കുകവഴി കൂടുതൽ വിഭവസമാഹരണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 86 കോടി രൂപ ആയിരുന്നു.

(ബി) 12-1-2004-ലെ സർക്കാർ ഉത്തരവ് നമ്പർ 25/04/ധന, 26/04/ധന പ്രകാരം എസ്. എൽ. ഐ., ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതികൾ, സ്വകാര്യ സ്കൂൾ, കോളേജ്, പൊതുമേഖലാസ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് കൃത്യമായ ഒരു കണക്ക് ഇപ്പോൾ നൽകാൻ സാധിക്കുകയില്ല.

(ഡി) ജീവനക്കാരുടെ എണ്ണത്തിൽ വലിയ ഒരു വർദ്ധനവ് വേണ്ടിവരുമെന്ന് സർക്കാർ കരുതുന്നില്ല.

(ഇ) ബാധകമല്ല.

(എഫ്) മംഗല്യ ഇൻഷ്വറൻസ് പദ്ധതി, ഗവൺമെന്റ് ജീവനക്കാർക്കായുള്ള പേഴ്സണൽ ആക്സിഡന്റ് പദ്ധതി എന്നിങ്ങനെയുള്ള പദ്ധതികൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ജി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്വഴി സർക്കാർ അംഗീകാരത്തോടെ നടപ്പാക്കേണ്ട പദ്ധതികളൊന്നുംതന്നെ സർക്കാർ മറ്റ് ഇൻഷ്വറൻസ് കമ്പനികളെ ഏൽപ്പിച്ചിട്ടില്ല.

(എച്ച്) നവീകരണത്തിന്റെ വിവിധ വശങ്ങൾ ആസൂത്രണം ചെയ്യാൻ നടപടി എടുത്തുകഴിഞ്ഞു.

മംഗല്യ ഇൻഷ്വറൻസ് പദ്ധതി

27 [2493] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മംഗല്യ ഇൻഷ്വറൻസ് പദ്ധതിയിൽ എത്രപേരെ ഇതുവരെ അംഗങ്ങളാക്കിയെന്നും എത്രപേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയെന്നും വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

മംഗല്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ വിവിധ വശങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിച്ചിട്ടുള്ള വരുമാനം

28 [2494] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2001-02, 2002-03, 2003-04 വർഷങ്ങളിൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിച്ചിട്ടുള്ള വരുമാനമെത്രയാണ്;

(ബി) 2004-05-ൽ സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചതിലൂടെ സർക്കാർ ഉദ്ദേശിച്ചതരത്തിൽ റവന്യൂ വരുമാനം വർദ്ധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) വരുമാനം താഴെ കൊടുക്കുന്നു.

വർഷം	വരുമാനം
2001-02	312.84 കോടി രൂപ
2002-03	395.32 കോടി രൂപ
2003-04	419.13 കോടി രൂപ

(ബി & സി) സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകളിൽ കുറവു വരുത്തി ഇറക്കിയ ഉത്തരവിനു പിന്നാലെ ഭൂമിയുടെ ന്യായവില നിശ്ചയിച്ചുകൊണ്ട് 5-1-2004 തീയതി മുതൽ പ്രാബല്യത്തിൽ മറ്റൊരു ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകേണ്ടതായിരുന്നു. എന്നാൽ 19-2-2004-ൽ ന്യായവില ഉത്തരവ് പിൻവലിക്കുകയും, കുറഞ്ഞ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് തുടരുകയും ചെയ്തതുമൂലം വരുമാനത്തിൽ കുറവാണ് ഉണ്ടായിട്ടുള്ളത്.

സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലെ വരുമാനം

29 [2495] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് സ്റ്റാമ്പ്ഡ്യൂട്ടി കുറയ്ക്കുവാൻ തീരുമാനമെടുത്തത് ഏതെങ്കിലും സമിതിയുടെ ശുപാർശകൾ പ്രകാരമായിരുന്നോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly